"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് കുത്തനൂർ കെ.ജെ.ബി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി ശരണ്യ കെ.യുടെ സേവനകാലം ക്രമീകരിക്കുന്നതിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.4392/2022/GEDN തീയതി,തിരുവനന്തപുരം, 28-07-2022

പരാമർശം:-
1. പാലക്കാട് കുത്തനൂർ കെ.ജെ.ബി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി ശരണ്യ കെ.യുടെ 04.02.2022-ലെ അപേക്ഷ.
2. കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04.03.2022-ലെ സി/538/22നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് കുത്തനൂർ കെ.ജെ.ബി. സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി ശരണ്യ കെ.(സംരക്ഷണാനുകൂല്യം നൽകി പുനർവിന്യസിക്കപ്പെട്ട അധ്യാപിക) സ.ഉ(സാധാ)നം.5700/2021/പൊവിവ തീയതി 07/12/2021 ഉത്തരവ് പ്രകാരം 03/06/2019 മുതൽ 31/05/2020 വരെ ശൂന്യവേതനാവധിയിലായിരുന്നെന്നും കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാതിരുന്നതിനാൽ ടിയാരിക്ക് 01/06/2020-ന് സേവനത്തിൽ പുന:പ്രവേശിക്കാൻ കഴിഞ്ഞില്ലെന്നും, പിന്നീട് 01/10/2021-ന് പാലക്കാട് കാദരിയ യു.പി.സ്കൂളിൽ പ്രവേശിച്ചിട്ടുണ്ടെന്നും, 01/06/2020 മുതൽ 30/09/2021 വരെയുള്ള കാലയളവ് പുന:ക്രമീകരിക്കുന്നതിനായി 01/06/2020 മുതൽ 08/09/2020 വരെയുള്ള കാലഘട്ടം ടിയാരിയുടെ ലീവ് അക്കൌണ്ടിൽ ഉണ്ടായിരുന്ന 100 ദിവസത്തെ അർദ്ധവേതനാവധി പ്രധാനാധ്യാപിക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും, ആയതിനാൽ ബാക്കി വരുന്ന 09/09/2020 മുതൽ 30/09/2021 വരെയുള്ള 387 ദിവസങ്ങൾ ശൂന്യവേതനാവധിയായി അനുവദിച്ച് കിട്ടുന്നതിനായി ശ്രീമതി ശരണ്യ കെ. പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും പരാമർശം 2 പ്രകാരം കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശിപാർശ ചെയ്ത് തുടർ നടപടിയ്ക്കായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പാലക്കാട് കുത്തനൂർ കെ.ജെ.ബി.

സ.ഉ.(സാധാ) നം.4392/2022/GEDN

സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി ശരണ്യ കെ.യുടെ സേവനകാലം ക്രമീകരിക്കുന്നതിനായി 09/09/2020 മുതൽ 30/09/2021 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ കെ.എസ്.ആർ. ഭാഗം-I ചട്ടം 88 പ്രകാരം ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി വിവരം ടിയാളുടെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്-

പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട് ജില്ല.
(ശ്രീമതി ശരണ്യ കെ.യുടെ സേവന പുസ്തകം സഹിതം. ആയതിന് കൈപ്പറ്റ് രസീത് സമർപ്പിക്കേണ്ടതാണ്)
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ /ആഡിറ്റ്)
കേരള, തിരുവനന്തപുരം.
ശ്രീമതി ശരണ്യ.കെ, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
കെ.ജെ.ബി. സ്കൂൾ, കുത്തനൂർ, പാലക്കാട്,
പ്രഥമാദ്ധ്യാപകൻ, കെ.ജെ.ബി. സ്കൂൾ, കുത്തനൂർ, പാലക്കാട്,
ധനകാര്യ വകുപ്പ് (18.06.2022 ലെ RULES-B4/76/2022-FIN(E:2034333) പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S L
Date: 01-08-2022 12:23:40
സെക്ഷൻ ഓഫീസർ